# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 330 — 13.07.2015-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എ.റ്റി.ജോർജ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും എൽ.ഐ.സി.യുമായി സഹകരിച്ച് ആം ആദ്മി ബീമ യോജന എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) | മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനാണ് ഇൻഷ്വറൻസ് പദ്ധതികൾ കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള ധന സമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; | (സി) | മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംസ്ഥാന സർക്കാർ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് പദ്ധതി തുക കണ്ടെത്തുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ട് ? | (ഡി) | നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 17/12/2014 മുതൽ 16/12/2015 വരെയാണ്. യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നു. പദ്ധതിയ്ക്ക് ആവശ്യമായ തുക 2015-16 സാമ്പത്തിക വർഷത്തിൽ 2405-00-800-82(P), 2405-00-103-78(P), (2405-00-800-50(P) എന്നീ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്.<br>LIC യുമായി സഹകരിച്ച് നടപ്പിലാക്കുന്ന ആം ആദ്മി ബീമ യോജന പദ്ധതിയുടെ കാലാവധി 11/4/2015 മുതൽ 10/4/2016 വരെയുണ്ട്. |

സെക്ഷൻ ഓഫീസർ